LIBRARY ARCHIVES Kerala Legislative Assembly

ലാക്കൌട്ട്

*൨൯ ൦. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫാക്ടറി ആക്ടിലെ വകുപ്പുകൾക്ക് വിപരീതമായി എതെങ്കിലും ഫാക്ടറിയിൽ ൧൯൪൦-ൽ ലാക്കൌട്ട് ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണക്കാരായവരുടെ പേരിൽ എന്തു നടപടി നടത്തി?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഫാക്ടറി ആക്ടിൽ ലാക്കൌട്ടുകൾ നടത്തുന്നതിനെപ്പറ്റി യാതൊരു വ്യവസ്ഥയുമില്ല. എന്നാൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടിൽ അങ്ങിനത്തെ വ്യവസ്ഥയുണ്ട്. അതു പ്രകാരം ൧൯൪൦-ൽ നിയമവിരുദ്ധമായ രണ്ടു ലാക്കൌട്ട് ഉണ്ടായിട്ടുണ്ട്.

(ബി) ലാക്കൌട്ടുകാലത്തെ തൊഴിലാളികളുടെ വേതനം മാനേജ്മെണ്ടിനെകൊണ്ടു കൊടുപ്പിച്ചു.

സൂപ്രണ്ടിംഗ് എൻജിനീയർ

*൨൯ ൧. (൭) ശ്രീ. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചീഫ് എഞ്ചിനിയറന്മാരുടേയും എക്സിക്യൂട്ടീവ് എഞ്ചിനീയറന്മാരുടേയും ഇടക്ക് രണ്ടു സൂപ്രണ്ടിംഗ് എഞ്ചിനീയറന്മാരെ നിയമിക്കാൻ ഗവൺമെണ്ടു തീർച്ചപ്പെടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

തീർച്ചപ്പെടുത്തി. രണ്ടു സൂപ്രണ്ടിംഗ് എഞ്ചിനിയറന്മാരെ നിയമിച്ചും കഴിഞ്ഞു.

ലീഫിറ്റ് ഇറിഗേഷൻ

൨൯൨. (൫) ശ്രീ. ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു് ലീഫ്റ്റ് ഇറിഗേഷൻ ഡിവിഷൻ നിർത്തൽ ചെയ്തോ!

(ബി) അങ്ങിനെ നിറുത്തൽ ചെയ്തതുകൊണ്ട് എത്ര പേരെ ഉദ്യോഗത്തിൽനിന്നു പിരിച്ചു വിടേണ്ടതായിവന്നു;

(സി) അതിൽവെച്ച് ഗവൺമെണ്ടിനു ഒരാണ്ടിൽ എന്തു ലാഭമുണ്ടെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) നിറുത്തൽ ചെയ്തു.

(ബി) ആരേയും പിരിച്ചു വിടേണ്ടതായി വന്നിട്ടില്ല. അവരെ സൂപ്രണ്ടിംഗ് ഇഞ്ചിനീയർമാരെ വെച്ചു ഒഴിവിലും അവരുടെ ഓഫീസിലും വച്ചു.

(സി) ബി. യുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.